വിൽവന്ന ഈ ആശുപത്രി തുടർന്നു പ്രവർത്തിക്കാൻ ആവശ്യമായ മുഴുവൻ സ്റ്റാഫുമില്ല. അവിടെ സ്റ്റാഫിനെ പുതുതായി നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ വേറൊരു പ്രശ്നം, അതിന്റെ ചുറ്റു ഭാഗത്തുമുള്ള ആദിവാസികളല്ലാത്ത ആളുകൾക്ക് ഈ ആശുപത്രിയിൽ പോയി ചികിത്സിക്കാൻ ഇപ്പോൾ നിർവാഹമില്ല എന്ന സ്ഥിതിവിശേഷമുണ്ട് എന്നതാണ്. തൊട്ടുമുമ്പിലത്തെ വീട്ടിലെ ആളുകൾക്കുപോലും അസുഖം വന്നു കഴിഞ്ഞാൽ അവിടത്തെ ഡോക്ടർ നോക്കുന്നില്ല; മരുന്ന് കൊടുക്കുന്നില്ല എന്ന ദുഃഖകരമായ ഒരു അവസ്ഥയുണ്ട്. അതിനുകൂടി ഒരു പരിഹാരം ഉണ്ടാക്കുവാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അവിടെ സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആദിവാസികൾ അല്ലാത്ത ആളുകൾക്ക് ആ സ്ഥാപനത്തിൽ ചികിത്സ കൊടുക്കണമെന്നുള്ളത് വളരെ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ചികിത്സ കൊടുക്കാം പക്ഷേ മരുന്നു കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. ആദിവാസികളുടെ ഫണ്ട് മറ്റുള്ള വിഭാഗത്തിലേക്ക് ഡൈവർട്ട് ചെയ്യുന്നത് ശരിയല്ല. മരുന്നു കൊടുക്കാൻ നിർവാഹമില്ല. എന്തെങ്കിലും അസുഖം വന്നാൽ ചികിത്സ നൽകാം.

<u>ശ്രീമതി കെ.ആർ. ഗൗരിഅമ്മ</u> : ഡോക്ടർമാർക്ക് മരുന്നിന് ആവശ്യമുള്ള ഇൻഡന്റ് എടുക്കാം എന്നാണ് നേരത്തേ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. സാധാരണ ഇൻഡന്റ് എഴുതാറില്ല. ഹരിജൻ-ഗിരിജൻ വിഭാഗങ്ങൾക്ക് പ്രത്യേകമായി ബഡ്ജറ്റിൽ പണം കൊള്ളിക്കാറുണ്ട്. ആ പണം കൊള്ളിക്കുന്നത് എന്തുകൊണ്ട് കുറഞ്ഞുവരുന്നു? അവരുടെ സംഖ്യ കുറഞ്ഞിട്ടാണോ; മരുന്നിന്റെ വില കുറഞ്ഞിട്ടാണോ? ഏതാണ് സത്യം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ആരോഗ്യ വകുപ്പിലുള്ള പൈസ കുറഞ്ഞു വരുന്നുവെന്നുള്ളത് ശരിയല്ല. ആവശ്യാനുസരണം എത്ര പൈസ വേണമെങ്കിലും കൊടുക്കാൻ മാറ്റിവച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് പൈസ കുറവുകൊണ്ട് യാതൊരു തടസ്സവുമില്ല. കഴിഞ്ഞ കാലങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിക്കൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെ 11 ശതമാനത്തിലധികം തുക മാറ്റിവച്ചിട്ടുണ്ട്.1996 വരെ 10% സംഖ്യയാണ് മാറ്റിവച്ചിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റു വന്നശേഷം 12.5% ആദ്യത്തെ വർഷവും അതിന്റെ പിറ്റേവർഷം 11 ശതമാനത്തിലധികവും ഈ വർഷം 11.05 ശതമാനവും മാറ്റിവച്ചിട്ടുണ്ട്.

6 (*316) വൈദ്യുതി അദാലത്തുകൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> :
<u>ശ്രീ. കെ. പ്രകാശ് ബാബു</u> :
<u>ശ്രീമതി ആർ. ലതാദേവി</u> :
<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> :
<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള പരാതികൾക്കാണ് ഈ അദാലത്തുകൾ മുഖേന പരിഹാരം കാണാൻ കഴിയുന്നതെന്ന് വിശദമാക്കുമോ;

(സി) പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് ഈ അദാലത്തുകളിൽ ചുമതലപ്പെടുത്തിയിരിക്കുന്നതാരെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ബോർഡിന്റേയും സെക്ഷനുകളുടേയും പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപഭോക്താക്കളിൽനിന്നോ പൊതുജനങ്ങളിൽ നിന്നോ 15.7.1999 മുതൽ 31.7.1999 വരെ ലഭിക്കുന്ന പരാതികൾക്കാണ് ഈ അദാലത്തുകൾ മുഖേന പരിഹാരം കാണാൻ ഉദ്ദേശിക്കുന്നത്.

(സി) ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയാണ് ഇതിനു ചുമതലപ്പെടുത്തിയിട്ടുള്ളത്. അദാലത്തു നടത്തുന്ന, വിതരണ വിഭാഗം ആഫീസിന്റെ പരിധിയിൽ വരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെക്കൂടി അദാലത്തിൽ പങ്കെടുക്കാൻ ക്ഷണിക്കും. സന്നിഹിതരാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരിക്കും പരാതികൾ കേട്ട് പരിഹാര തീരുമാനമെടുക്കുക.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഈ അദാലത്തുകൾ നടത്തുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തത് വളരെയേറെ സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ ഈ അദാലത്തുകൾ ഒരു താൽക്കാലിക സംവിധാനം എന്ന നിലയിലാണ് തുടങ്ങാൻ പോകുന്നത്; അതായത് 15.7.1999 മുതൽ 31.7.1999 വരെയുള്ള കാലയളവിൽ മാത്രം അത് ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുക; അതായത് ആറു മാസത്തിലൊരിക്കലോ ഒരു വർഷത്തിൽ ഒരിക്കലോ ഈ അദാലത്തുകൾ നടത്താനായി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? അതുപോലെതന്നെ ഇത് സെക്ഷൻ തലത്തിലാണോ അതോ പഞ്ചായത്ത്, താലൂക്ക്, ജില്ലാ അടിസ്ഥാനത്തിലാണോ നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : വർഷത്തിലൊരിക്കൽ എന്ന നിലയിൽ സ്ഥിരം സംവിധാനമാക്കി മാറ്റുകയെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. അത് പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കാം. രണ്ടാമത്തേത് ഇത് ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഉദ്ദേശിക്കുന്നത്. ഡിവിഷനാഫീസിന്റെ കീഴിൽത്തന്നെ ഒന്നോ രണ്ടോ മേജർ സെക്ഷൻസ് തൊട്ടടുത്ത് വരുമെങ്കിൽ ഡിവിഷൻ ഓഫീസായിരിക്കും അദാലത്തുകൾ കേൾക്കുക. പൊതുവിൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിലായിരിക്കും.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : പലപ്പോഴും വൈദ്യുതി വിതരണം നിലച്ചാൽ കേടുപാടുകൾ പരിഹരിച്ച് വൈദ്യുതി വിതരണം പുനരാരംഭിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. അതുകൊണ്ട് അതിനു ഒരു പരിഹാരമായി, പ്രത്യേകിച്ചും എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് കിളിമാനൂർ 110 കെ.വി. സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വേണ്ടത്ര സ്റ്റാഫ് ഇല്ല എന്നാണ് പറയുന്നത്; അവിടെ വേണ്ടത്ര സ്റ്റാഫിനെ കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനങ്ങളിൽ ആവശ്യമായ സ്റ്റാഫ് ഉണ്ടോയെന്ന കാര്യം പരിശോധിച്ച് ഇല്ലെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഈ 15-ാം തീയതി മുതൽ ലഭിക്കുന്ന പരാതികളാണ് അദാലത്തിന്റെ പരിഗണനയിൽ എടുക്കുന്നതായിട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങനെയാണെങ്കിൽ ആ അദാലത്തിനെ സംബന്ധിച്ചും അതിന്റെ പരാതികൾ സ്വീകരിക്കേണ്ടുന്ന സ്ഥലത്തെ സംബന്ധിച്ചുമൊക്കെ പത്രത്തിൽ അറിയിപ്പു കൊടുത്തുകൊണ്ടും പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കൂടി പരസ്യം കൊടുത്തുകൊണ്ടും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ? അതുപോലെ തന്നെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പരിധിയിൽ വരുന്ന കാര്യങ്ങൾക്ക് മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. ഇത് കുറച്ചു കൂടി വർദ്ധിപ്പിച്ച് സർക്കിൾ അടിസ്ഥാനത്തിൽ അദാലത്ത് നടത്തുകയും ചെയർമാനോ അതിനുവേണ്ടി അധികാരപ്പെടുത്തിയ ബോർഡ് അംഗങ്ങളോ പങ്കെടുക്കത്തക്ക നിലയിൽ പരാതികൾക്ക് പൂർണ്ണമായ പരിഹാരം കിട്ടുന്നതിന് ആവശ്യമായ ഒരു ക്രമീകരണം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : പൂർണ്ണമായ പരസ്യം കൊടുക്കണമെന്നുള്ളത് ഇപ്പോൾ ബോർഡ് ആലോചിക്കുന്നു. പത്രത്തിലൂടെ പരസ്യം കൊടുക്കുകയും ഇലക്ട്രിസിറ്റി സെക്ഷനാഫീസുകളിൽ ഈ വിവരം മുൻകൂട്ടി പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യം കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങളിലുമായി ഈ വിവരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. സർക്കിൾ ലെവലിൽ ആണ് ഇപ്പോൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ചുമതല നിർവഹിക്കുന്നത്. കുറച്ചുകൂടി താഴെ തട്ടിലേക്ക് ഉപഭോക്താക്കൾക്ക് അവരുടെ അഭിപ്രായങ്ങൾ ബോർഡിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഇലക്ട്രിക്കൽ മേജർ സെക്ഷനിൽനിന്ന് താഴോട്ടിറങ്ങി ഈ അദാലത്ത് സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ളത് ബോർഡ് മെമ്പർമാർ പങ്കെടുക്കുക എന്ന് പറഞ്ഞാൽ മൂന്നോ നാലോ ബോർഡ് മെമ്പർമാരേയുള്ളൂ. കേരളത്തിൽ 14 ജില്ലകൾ ഉണ്ട്. എല്ലായിടത്തും ബോർഡ് മെമ്പർമാർ പങ്കെടുക്കുക എന്നു പറഞ്ഞാൽ കാലതാമസം ഏറെ വരും എന്നുള്ളതുകൊണ്ടാണ് ഈ രൂപത്തിൽ വികേന്ദ്രീകരിച്ചുകൊണ്ട്, ഉപഭോക്താക്കൾക്ക് കൂടുതൽ പ്രയോജനം കിട്ടണമെന്ന ലക്ഷ്യം വച്ചുകൊണ്ട്, ഈ രൂപത്തിൽ ക്രമപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. പ്രകാശ് ബാബു : ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ ഫലപ്രദമായി കൂടുന്നുണ്ട്. ആ ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പരിധിയിലാണല്ലോ വരുന്നത്; ആ തീരുമാനങ്ങൾ ബോർഡ് മുൻഗണന കൊടുത്ത് വേണ്ടത്ര ചെവിക്കൊള്ളുന്നില്ലയെന്നുള്ളതാണ് ഞാൻ സൂചിപ്പിക്കുന്നത്. അവയ്ക്ക് മുൻഗണന കൊടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുമോ?

ശ്രീ. എസ്. ശർമ്മ : ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും അടങ്ങുന്ന ലോക്കൽ അഡ്വൈസറി സമിതികളാണ് ഇപ്പോൾ കൂടിവരു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അവിടെ ചർച്ച ചെയ്യുന്നതും തീരുമാനിക്കുന്നതും ബോർഡിന്റെ മുമ്പിൽ സമർപ്പിക്കുന്നതുമായ നിർദ്ദേശങ്ങൾക്ക് പ്രാധാന്യത്തോടുകൂടി പരിഹാരം കാണണം എന്ന നിലയിൽ ആണ് കണക്കാക്കിയിട്ടുള്ളത്. അതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും പ്രത്യേകമായി സംഭവിച്ചിട്ടുണ്ടെങ്കിൽ, ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കാവുന്നതാണ്.

ശ്രീമതി ആർ. ലതാദേവി : സർ, 15-7-1999 മുതൽ 31-7-1999 വരെയുള്ള പരാതികൾക്കാണ് ഈ അദാലത്തിൽ പരിഹാരം കാണുന്നത് എന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതിനു മുമ്പായിത്തന്നെ വിവിധ ഇലക്ട്രിസിറ്റി ഓഫീസുകളിൽ ധാരാളം പരാതികൾ ഉണ്ട്. ആ പരാതികൾക്ക് കൂടി പരിഹാരം കാണുന്നതിനും, ഈ അദാലത്തുകളിൽ ലഭ്യമായിട്ടുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനുംവേണ്ടി ഒരു സമയനിബന്ധന ഏർപ്പെടത്തുന്നതിന് തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : സർ, 15-7-1999 മുതൽ 31-7-1999 വരെ പരാതികൾ സമർപ്പിക്കുന്നതിനുള്ള സമയമാണ്. അതിനു മുമ്പുള്ള പരാതികൾ 15-7-1999 മുതൽ സമർപ്പിച്ചാൽ ആ പരാതികളും അതിൽ സ്വീകരിക്കുന്നതാണ്. സമയ ബന്ധിതമായിരിക്കണം എന്നുള്ളതുകൊണ്ടാണ് ആഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചിനുമുമ്പ് (രണ്ടാഴ്ചക്കാലത്തിനു മുമ്പ്) കേരളത്തിലെ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസുകളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പങ്കെടുത്തുകൊണ്ട് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരാതിക്ക് തീർപ്പുണ്ടാക്കി കൊടുക്കണം എന്നും ഏതെങ്കിലും കാരണവശാൽ നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങളാണെങ്കിൽ എന്തുകൊണ്ട് ആ ആവശ്യം നടപ്പാക്കുന്നില്ല എന്നുള്ള കാര്യം ബന്ധപ്പെട്ട പരാതിക്കാരനെ രേഖാമൂലം അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, അദാലത്ത് സംഘടിപ്പിക്കാം എന്നു പറഞ്ഞത് വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. ഇപ്പോൾത്തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന ആ കമ്മിറ്റിയിൽ ഡിവിഷൻ തലത്തിൽ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ തലത്തിൽ പ്രവർത്തിക്കുന്ന മെമ്പർമാരും, ജനപ്രതിനിധികളും ഉള്ളതാണ്. വളരെ ഫലപ്രദമായ കമ്മിറ്റികളാണ്. പഞ്ചായത്ത് തലത്തിൽ നേരത്തേ രൂപീകരിച്ച കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഈ രണ്ടു കമ്മിറ്റികളും കൃത്യമായി പ്രവർത്തിച്ചാൽ വർഷത്തിൽ ഒരിക്കൽ നടത്തുന്ന ഈ അദാലത്തു കൂടിയാകുമ്പോൾ കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, പരിശോധിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*317) സമ്പൂർണ്ണ പാർപ്പിട പദ്ധതി

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly